# യഥാർത്ഥ ഭാഗ്യവാൻ

## സങ്കീർത്തനം 1:1–2

**"ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ."**

ഇന്നത്തെ ചുറ്റുപാടിൽ ഒരു വ്യക്തിയോട് ആരാണ് ഭാഗ്യവാൻ എന്നു ചോദിച്ചാൽ എല്ലാ സുഖസൗകര്യങ്ങളും നിറഞ്ഞ ഒരു മനുഷ്യൻ ഭാഗ്യവാനാകുന്നു എന്നായിരിക്കും മറുപടി ലഭിക്കുന്നത്. എന്നാൽ മേൽപ്പറഞ്ഞ വാക്യത്തിലൂടെ ദൈവവചനം നമ്മെ പഠിപ്പിക്കുന്നത് യഹോവയാകുന്ന ദൈവത്തിന്റെ ന്യാപ്രമാണത്തെ അനുസരിച്ച് നല്ല പാതയിൽ സഞ്ചരിക്കുന്ന ഒരു വ്യക്തിജീവിതമാണ് യഥാർത്ഥത്തിൽ ഭാഗ്യവാൻ എന്നു നമുക്കു മനസ്സിലാക്കാം.

**സങ്കീർത്തനങ്ങൾ 112:1, 119:1, 128:1** ഈ വാക്യങ്ങളിലെല്ലാം യഹോവയുടെ വഴിയിൽ ചരിക്കുന്ന ഒരു ദൈവപൈതലാണ് യഥാർത്ഥ ഭാഗ്യവാൻ എന്ന് വ്യക്തമായി പഠിപ്പിക്കുന്നു. ഒരുപക്ഷേ ലോകമനുഷ്യരുടെ കാഴ്ചപ്പാടിൽ ഒരു ദൈവപൈതലിന് വേണ്ടത്ര പണമോ സൗന്ദര്യമോ മറ്റ് ഭൗതികനന്മകളോ പറയത്തക്ക വിശേഷണങ്ങളോ ഒന്നുംതന്നെയുണ്ടാകുകയില്ല. എന്നാൽ സ്വർഗ്ഗത്തിലെ സകല സമ്പന്നതയാലും ദൈവം ഒരു ദൈവപൈതലിനെ അനുഗ്രഹിച്ചാക്കിയിരിക്കുന്നു.

ഒരു ദൈവപൈതലിന്റെ ഉള്ളിൽ ദൈവം പകർന്നിരിക്കുന്ന സമാധാനം അത് ലോകത്തിന്റെ ഏത് സുഖങ്ങൾക്കും തരുവാൻ സാധിക്കുന്നതല്ല എന്ന് ദൈവത്തെ രുചിച്ചറിയുന്ന ഒരു ദൈവപൈതലിന് മാത്രം അറിയാവുന്ന ഒന്നാണ്.

**യോഹന്നാൻ 14:27** ഇപ്രകാരം പറയുന്നു. "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുതു, ഭ്രമിക്കയും അരുത്."

പ്രിയ ദൈവപൈതലേ എത്രയൊക്കെ ലോകത്തിന്റേതായ സുഖങ്ങളും സൗകര്യങ്ങളും ഉണ്ടെങ്കിലും ദൈവം തരുന്ന ഈ സമാധാനം അനുഭവിക്കുന്നില്ലെങ്കിൽ നാം പ്രയത്നിച്ചതും അദ്ധ്വാനിച്ചതും ഒക്കെ വൃഥാ എന്നുതന്നെ പറയാം. അതുകൊണ്ട് ലോകത്തിന്റെ പ്രഭുവാകുന്ന ദുഷ്ടപിശാചിന് നമ്മുടെ ജീവിതത്തിൽ ഇടം കൊടുക്കാതെ

ദൈവത്തോട് പറ്റിച്ചേർന്ന് അവിടുത്തെ ന്യായപ്രമാണം വായിക്കുക മാത്രമല്ല, അത് അനുസരിച്ച് ജീവിക്കുവാൻ അവിടുത്തെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ.

യാക്കോബ് 4:7, 8 "ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തു നില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. ദൈവത്തോട് അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും."

ഇന്നത്തെ ലോകത്ത് ദൈവമക്കളെപ്പോലും കീഴടക്കിക്കളയുന്ന ഇന്റർനെറ്റിന്റെ ഉപയോഗം നമ്മുടെ വിലപ്പെട്ട സമയത്തെയാണ് കവർന്നുകളയുന്നതെന്ന സത്യം നാം മനസ്സിലാക്കണം. കുട്ടികളും മാതാപിതാക്കളും ഒരുപോലെ ഇന്റർനെറ്റിൽ എത്രയോ സമയം ദുരുപയോഗം ചെയ്തു കളയുന്നു. പ്രാർത്ഥിക്കുവാനും ദൈവസന്നിധിയിൽ ചിലവഴിക്കുവാനുമുള്ള വിലപ്പെട്ട സമയം നാം ചാറ്റിങ്ങിനും ഫേസ്ബുക്കിനുമൊക്കെ കൈമാറുമ്പോൾ അതിലൂടെ പിശാചിനുള്ള ഇടമാണ് നാം ഒരുക്കിക്കൊടുക്കുന്നത്. ആയതിനാൽ ഈ പകൽക്കാലം നമുക്ക് ഒരു തീരുമാനമെടുക്കാം. നമ്മുടെ ജീവിതത്തിൽ ദൈവനാമ മഹത്വത്തിനായി മാത്രം നമ്മുടെ മൊബൈലും ഇന്റർനെറ്റുമൊക്കെ നമുക്ക് ഉപകാരപ്പെടട്ടെ. ഇപ്രകാരം ദൈവവചനത്തെ അനുസരിച്ച് ജീവിക്കുന്ന ഒരു യഥാർത്ഥ ഭാഗ്യവാനായിത്തീരുവാൻ സർവ്വശക്തനായ ദൈവം നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം:

1പത്രൊസ് 2:9,10

നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു.

**സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 059**